**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2117** **09-02-2023 - ൽ മറുപടിയ്ക്ക്**

**കായംകുളം മണ്ഡലത്തിലെ ആർദ്രം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കായംകുളം മണ്ഡലത്തിലെ താലൂക്ക് ആശുപത്രി, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ? | (എ) | **ആർദ്രം ഒന്നാം ഘട്ടത്തിൽ കണ്ടല്ലൂർ പി.എച്ച്.സിയിൽ അസിസ്റ്റന്റ് സർജൻ-1, സ്റ്റാഫ് നഴ്സ് -2, ലാബ് ടെക്നീഷ്യൻ -1, ഫാർമസിസ്റ്റ്-1 എന്നീ തസ്തികകൾ സഷ്ടിച്ചു. നിലവിൽ കണ്ടല്ലൂർ പി.എച്ച്.സി കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചു വരുന്നു.**<br><br>**ആർദ്രം രണ്ടാം ഘട്ടത്തിൽ ഭരണിക്കാവ് പി.എച്ച്.സിയിൽ അസിസ്റ്റന്റ്  സർജൻ-1, ലാബ് ടെക്നീഷ്യൻ -1 എന്നീ തസ്തികകൾ സൃഷ്ടിച്ചു. നിലവിൽ ഭരണിക്കാവ് പി.എച്ച്.സി കുടുംബാരോഗ്യകേന്ദ്രമായി പ്രവർത്തിച്ചു വരുന്നു. പി.എച്ച്.സി ദേവികുളങ്ങര അസിസ്റ്റന്റ് സർജൻ-1, സ്റ്റാഫ് നഴ്സ് -1 എന്നീ തസ്തികകൾ സൃഷ്ടിച്ചു. നിലവിൽ കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചു വരുന്നു. പി.എച്ച്.സി ചെട്ടികുളങ്ങര ഒരു ലാബ് ടെക്നീഷ്യൻ തസ്തിക സൃഷ്ടിച്ചു. നിലവിൽ കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചു വരുന്നു. പി.എച്ച്.സി കൃഷ്ണപുരം അസിസ്റ്റന്റ്  സർജൻ-1, ലാബ് ടെക്നീഷ്യൻ -1 എന്നീ തസ്തിക സൃഷ്ടിച്ചു. നിലവിൽ കുടുംബാരോഗ്യകേന്ദ്രമായി പ്രവർത്തിച്ചു വരുന്നു. പി.എച്ച്.സി പത്തിയൂർ അസിസ്റ്റന്റ് സർജൻ-1, സ്റ്റാഫ് നഴ്സ് -1 എന്നീ തസ്തികകൾ സൃഷ്ടിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻതന്നെ ആരംഭിക്കുന്നതാണ്. കായംകുളം താലൂക്ക് ആശുപത്രി JC(ജനറൽ മെഡിസിൻ)- 1, JC(ജനറൽ സർജറി)- 1, മെഡിക്കല് റിക്കോർഡ് ലൈബ്രേറിയൻ-1, ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ- 1, സ്റ്റാഫ് നഴ്സ് -2, ലാബ് ടെക്നീഷ്യൻ- 1എന്നീ തസ്തികകൾ സൃഷ്ടിച്ചു.** |

സെക്ഷൻ ഓഫീസർ